**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**
**നിയമസഭാ ചോദ്യം നമ്പർ.*223.**

**19-12-2012-ൽ മറുപടിയ്ക്ക്**

**തൊഴിൽ വകുപ്പ് വെബ് പോർട്ടൽ**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ.കെ.അച്ചുതൻ :<br>ശ്രീ.പി.എ.മാധവൻ :<br>ശ്രീ.വി.പി.സജീന്ദ്രൻ :<br>ശ്രീ.പി.സി.വിഷ്ണുനാഥ് : | ശ്രീ.ഷിബു ബേബിജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പ് വെബ് പോർട്ടൽ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ; | (എ) ഉണ്ട്. ലേബർകമ്മീഷണറേറ്റിന്റെ വെബ്പോർട്ടൽ www.lc.kerala.gov.in എന്നതാണ്. തൊഴിൽവകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളും വിവരങ്ങളും ഫാറങ്ങളും വളരെ വേഗവും ചിലവ് കുറഞ്ഞ രീതിയിലും സാധാരണക്കാർക്ക് ലഭ്യമാക്കുക എന്നതാണ് ഇത് കൊണ്ടുദ്ദേശിക്കുന്നത്. കുടാതെ ഒഡെപെകിന്റെ www.odepc.kerala.gov.in എന്ന വെബ്പോർട്ടലിൽ വിദേശ തൊഴിലവസരങ്ങൾക്കൊപ്പം തദ്ദേശ തൊഴിലവസരങ്ങൾ കൂടി തൊഴില - ന്വേഷകരിൽ എത്തിക്കുന്നതിന് സഹായിക്കുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | (ബി) തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട സേവനങ്ങൾ ഓഫീസിൽ ഹാജരാകാതെ തന്നെ പൊതുജനങ്ങൾക്കും മറ്റു ജില്ലകളിലെ ജീവനക്കാർക്കും സൗകര്യപ്രദമായ രീതിയിൽ ലഭ്യമാക്കുക എന്നുള്ളതാണ് ഇതിന്റെ ഉദ്ദേശ്യം. |

കേരളത്തിനകത്തും പുറത്തുമുള്ള തൊഴിലന്വേഷകർക്ക് വളരെ സൗകര്യപ്രദമായി പേര് രജിസ്റ്റർ ചെയ്യുന്നതിനും ഒഡെപെകിന്റെ തൊഴിൽ വിജ്ഞാപനങ്ങൾ തക്ക സമയത്ത് അവരിലേക്ക് എത്തിക്കുന്നതിനും തൊഴിൽ ദാതാക്കളുടെ ആവശ്യമനുസരിച്ച് അതാത് തൊഴിലുകൾക്ക് അനുസൃതമായ ബയോഡാറ്റകൾ അയച്ചു കൊടുക്കുന്നതിനും തക്ക വിധത്തിലാണ് വെബ്പോർട്ടൽ രൂപ കല്പന ചെയ്തിട്ടുള്ളത്.

(സി) വെബ് പോർട്ടൽ വഴി തൊഴിൽ അന്വേഷകർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാകുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

(സി) തൊഴിൽ അന്വേഷകർക്ക് ഒഡെപെക് താഴെപ്പറയുന്ന സൗകര്യങ്ങൾ ലഭ്യമാക്കുന്നുണ്ട്.

1) വളരെ ലളിതമായ രീതിയിലുള്ള രജിസ്ട്രേഷൻ സൗകര്യം
2) ബയോഡാറ്റ അപ്‌ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം
3) രജിസ്ട്രേഷൻവേളയിലും തൊഴിലുകളുടെ വിജ്ഞാപന സമയത്തും ഉദ്യോഗാർത്ഥികൾക്ക് ഇ-മെയിൽ സന്ദേശങ്ങൾ ലഭിക്കുന്നതിനുള്ള സൗകര്യം
4) ഫോട്ടോ അപ്‌ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം
5) ആവശ്യാനുസരണം ബയോഡാറ്റയിൽ മാറ്റങ്ങൾ വരുത്തുന്നതിനുള്ള സൗകര്യം
6)ആവശ്യമായ തൊഴിലുകൾക്കുള്ള അപേക്ഷ നൽകുന്നതിനുള്ള സൗകര്യം

സെക്ഷൻ ഓഫീസർ